പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 659 — 30.06.2016 ന് മറുപടിയ്ക്ക്.

## സംസ്ഥാനത്തെ ഐ.ടി.ഐ.കൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടിഐ. -കളിൽ കാലാനുസൃതമായ കോഴ്സുകളും ഗുണനിലവാരമുള്ള ആധുനിക പരിശീലനവും നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ 34 സർക്കാർ ഐ.ടിഐ. -കളിൽ വെർച്ചൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കി. എഞ്ചിനിയറിംഗ് ഡ്രോയിംഗ് , മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, ഡി/സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷീനിസ്റ്റ് എന്നീ ട്രേഡുകളിൽ ത്രീ-ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡിലൂടെ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.<br>വിവിധ ഐ.ടി.ഐ കളിലെ കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തലാക്കുകയും പകരം ജോലി സാദ്ധ്യത കൂടിയതും കാലാനുസൃതവുമായ പുതിയ ട്രേഡുകൾ ആരംഭിക്കുകയും ചെയ്തു വരുന്നു.<br>ഐ.ടി.ഐയിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും, കാലാനുസൃതമായ കോഴ്സുകൾ നൽകുന്നതിനുമായി മെ. മാരുതി സുസുക്കി, മെ. വോക്സ് വാഗൺ , മെ.ടൊയോട്ട കിർലോസ്കർ ലിമിറ്റഡ്, മെ.മഹീന്ദ്ര ആന്റ് മഹീന്ദ്ര, മെ. സാംസങ് തുടങ്ങിയ കമ്പനികളുമായി വിവിധ ഐ.ടി.ഐ കൾ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) ഐ.ടി.ഐ. -കളിലെ ഭൗതിക സൗകര്യം ഉയർത്തുന്നതിന് രൂപീകരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) 2015-16 വർഷത്തിൽ ഐ.ടി.ഐ.കളുടെ നവീകരണം പദ്ധതിയിലുൾപ്പെടുത്തി ക്ലാസ്റൂം നിർമ്മാണത്തിനുവേണ്ടി 240 ലക്ഷം രൂപയും വർക്ക്ഷോപ്പുകളുടെയും ക്ലാസ്റൂമുകളുടെയും ഇലക്ട്രിഫിക്കേഷനുവേണ്ടി 787.69 ലക്ഷം രൂപയും വർക്ക്ഷോപ്പുകളുടെ നവീകരണത്തിനുവേണ്ടി 299.92 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 7 ഐ.ടി.ഐ.കളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. 2016-17 വർഷവും ടി പ്രവർത്തനങ്ങളിലൂടെ ഐ.ടി.ഐ. കളിൽ ഭൗതിക സൗകര്യം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത എത്ര ഐ.ടി.ഐ. -കൾ സർക്കാർ മേഖലയിലുണ്ടെന്ന് | (സി) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ സ്വന്തമായി സ്ഥലമില്ലാത്ത 17 ഐ.ടി.ഐ കൾ ഉണ്ട് വിവരം ചുവടെ ചേർക്കുന്നു. |

വ്യക്തമാക്കാമോ; ഇവയ്ക്ക് സ്ഥലവും കെട്ടിടവും അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

1. ഐ.,ടി.ഐ (വ) നെൻമേനി, വയനാട്
2. ബേപ്പൂർ, കോഴിക്കോട്
3. (വ) മെഴുവേലി (പത്തനംതിട്ട)
4. പുറക്കാട്, ആലപ്പുഴ
5. പുഴക്കാട്ടിരി, മലപ്പുറം
6. കായംകുളം, ആലപ്പുഴ
7. നെന്മാറ, പാലക്കാട്
8. തിരുവമ്പാടി, കോഴിക്കോട്
9. വയലാർ, ആലപ്പുഴ
10. റാന്നി, പത്തനംതിട്ട
11. (വ) ചങ്ങനാശ്ശേരി, കോട്ടയം
12. കഞ്ഞിക്കുഴി, ഇടുക്കി
13. താഴേക്കോട്, മലപ്പുറം
14. വെസ്റ്റ് എളേരി (വ), കാസർഗോഡ്
15. ലഫ്. കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവ. ഐ.ടി.ഐ, എളമ്പുലാശ്ശേരി, പാലക്കാട്.
16. നരിപ്പറ്റ, കോഴിക്കോട്
17. കൊടുവള്ളി, കോഴിക്കോട്

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐസ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കാമെന്ന നിബന്ധനയിലാണ് സർക്കാർ ഐ.ടി.ഐ കൾ അനുവദിച്ചിട്ടുള്ളത്. മേൽ പ്രസ്താവിച്ച ഐ.ടി.ഐകൾക്ക് സ്ഥലം ലഭ്യമാക്കാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

(ഡി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ.- യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിനു ആവശ്യമായ നടപടി സ്വീകരിക്കുമോ?

(ഡി) "പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 1396 ഗവ.ഐ.ടി.ഐ കളുടെ നിലവാരമുയർത്തൽ" പദ്ധതി അനുസരിച്ച് അരീക്കോട് ഐ.ടി.ഐയ്ക്ക് 2009-10 സാമ്പത്തിക വർഷം 2.5 കോടി രൂപ പലിശ രഹിത വായ്പയായി കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് സ്ഥാപനത്തിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. അരീക്കോട് ഐ.ടി.ഐ യിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷം ഐ.ടി.ഐ യിലെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്കായി 70,68,799/- രൂപ അനുവദിച്ചിരുന്നു. പ്രസ്തുത ഐ.ടി.ഐ യിൽ പി.പി.പി. സ്കീമിൽ ജനറൽ കാർപെന്റർ, പ്ലംബ്ബർ, റഫ്രിജറേഷൻ & എയർകണ്ടീഷണിംഗ് എന്നീ മൂന്ന് ട്രേഡുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

Bindu

സെക്ഷൻ ഓഫീസർ